# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
മേയ് 2, 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## വാറ്റ് റിട്ടേൺ റിവിഷൻ മാർഗ്ഗരേഖ പുറപ്പെടുവിച്ചു.

തിരുവനതപുരം: സസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം വ്യാപാരികൾക്ക് വാറ്റ് റിട്ടേണിൽ ജൂൺ 30 വരെ തിരുത്തൽ വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥന ചരക്ക് സേവന നികുതി വകുപ്പ് പുറപ്പെടുവിച്ചു.

2017 ജൂൺ 30 വരെ സമർപ്പിച്ച വാറ്റ് റിട്ടേണുകളാണ് തിരുത്താൻ അവസരമുള്ളത്. നിലവിൽ വെളിപ്പെടുത്തിയ വിറ്റ് വരവിനേയോ, നികുതി ബാധ്യതയേയോ ബാധിക്കാത്ത തരത്തിൽ റിട്ടേണിലെ സാങ്കേതിക പിഴവുകൾ തിരുത്താനാണ് അവസരം ലഭിക്കുന്നത്. വാറ്റ് നിയമം സെക്ഷൻ 42 പ്രകാരം ഓഡിറ്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുള്ള വ്യാപാരികൾക്കണ് അവസരം, എന്നാൽ അസസ്മെന്റ് നടപടികളുടെ ഭാഗമായി നോട്ടീസ് ലഭിച്ചിട്ടുള്ള വ്യാപാരികൾക്ക് റിട്ടേണിൽ തിരുത്തലുകൾ വരുത്തുവാൻ സാധിക്കില്ല.

റിട്ടേൺ റിവിഷൻ അപേക്ഷ സമർപ്പിക്കാനുള്ള സാഹചര്യം, മുൻപ് സമർപ്പിച്ച റിട്ടേണിൽ സംഭവിച്ച തെറ്റ്, വരുത്തുവാൻ ഉദ്ദേശിക്കുന്ന തിരുത്തലുകൾ,മുൻപ് സമർപ്പിച്ച റിട്ടേണിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെയുള്ള വിശദമായ അപേക്ഷയാണ് വ്യാപാരികൾ സ്മർപ്പിക്കേണ്ടത്. അപേക്ഷ നൽകേണ്ടതിന്റെ രീതിയും മറ്റ് വിശദാംശങ്ങളും ചരക്ക് സേവന നികുതി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രദ്ധീകരിച്ചിട്ടുള്ള സർക്കുലർ നമ്പർ 8/2018 ൽ ലഭ്യമാണ്.